**15 (639) പി.ആർ.ഡി. യുടെ പ്രസിദ്ധീകരണങ്ങൾ**

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദത്തിന് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരിച്ച പ്രസിദ്ധീകരണങ്ങൾ എന്തെല്ലാമെന്നും ഇവ ഓരോന്നും എത്ര കോപ്പി വീതമാണ് അച്ചടിച്ചതെന്നും ഓരോന്നിനും എന്തു തുകവീതം ചെലവായി എന്നും വിശദീകരിക്കുമോ?

ഉത്തരം

വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

**16 (640) പി.ആർ.ഡി. പ്രസിദ്ധീകരണങ്ങൾ**

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.ആർ.ഡി. പ്രസിദ്ധീകരിച്ച വളരെ പ്രധാനപ്പെട്ട പുസ്തകങ്ങൾ കേരളത്തിലെ ഗ്രന്ഥശാലകളിൽ എത്തിക്കാൻ സർക്കാർ നടപടിയെടുക്കുമോ;

(ബി) പി.ആർ.ഡി. പ്രസിദ്ധീകരണങ്ങൾ വ്യാപകമായി ജനങ്ങളിലെത്തിക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പ്രധാനപ്പെട്ട പുസ്തകങ്ങളും മാസികകളായ ജനപഥവും കേരളാ കാളിംഗും ഗ്രന്ഥശാലകളിൽ എത്തിക്കുന്നുണ്ട്.

(ബി) പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ ഡയറക്ടറേറ്റിൽനിന്നും ജില്ലാ ഇൻഫർമേഷൻ ഓഫീസ് വഴി പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്. ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ വഴിയും കോർപ്പറേഷൻ/മുനിസിപ്പാലിറ്റികൾ വഴിയും ഇവ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ജില്ലകളിലെ പ്രധാന സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, കോളേജുകൾ എന്നിവവഴിയും വിതരണം ചെയ്യുന്നു.

**17 (641) സ്വാതന്ത്ര്യസമര പെൻഷൻ ജില്ലാ ഉപദേശക സമിതി**

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വാതന്ത്ര്യ സമര പെൻഷൻ ജില്ലാ ഉപദേശക സമിതികൾ പുനഃസംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ തിരുവനന്തപുരം ജില്ലയിലെ ഉപദേശക സമിതിയിലുള്ള അംഗങ്ങൾ ആരെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സമിതി പുനഃസംഘടിപ്പിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(ഡി) പുന്നപ്ര വയലാർ സമരസേനാനികളുടെ പെൻഷൻ സംബന്ധിച്ച കാര്യങ്ങൾ ഈ ജില്ലാതല സമിതി തന്നെയാണോ കൈകാര്യം ചെയ്യുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ഇ) പുന്നപ്ര വയലാർ സമര സേനാനികളുടെ പെൻഷൻ കാര്യങ്ങൾ കൈകാര്യം ചെയ്യുവാൻ പ്രസ്തുത സമരവുമായി ബന്ധപ്പെട്ടവരടങ്ങുന്ന സമിതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ആലപ്പുഴ, കണ്ണൂർ ജില്ലകളിലെ ഉപദേശക സമിതികൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ സമിതി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുനഃസംഘടിപ്പിച്ചിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുൻപ് എല്ലാ ജില്ലകളിലും സമിതികൾ പുനഃസംഘടിപ്പിച്ചിരുന്നു. സമിതികൾക്ക് കാലപരിധി നിശ്ചയിച്ചിട്ടില്ല. അതിനാൽ സാധാരണഗതിയിൽ സമിതികൾ പുനഃസംഘടിപ്പിക്കേണ്ടതില്ല. എന്നാൽ പ്രത്യേക സാഹചര്യങ്ങളിൽ സമിതികൾ പുനഃസംഘടിപ്പിക്കേണ്ടതുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രണ്ട് ജില്ലകളിലെ സമിതികൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. മറ്റു ജില്ലകളിലെ സമിതികൾ പുനഃസംഘടിപ്പിക്കേണ്ടതുണ്ടോ എന്ന് തീരുമാനിച്ചിട്ടില്ല.

(ഡി) അതെ.

(ഇ) ആലപ്പുഴ ജില്ലയിൽ ഈ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ വേണ്ടിയാണ് സമിതി പുനഃസംഘടിപ്പിച്ചിട്ടുള്ളത്.

**18 (642) സ്വാതന്ത്ര്യസമര സേനാനി പെൻഷൻ**

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുഭരണ (എഫ്.എഫ്.പി.ബി) വകുപ്പിന്റെ 19.6.97-ലെ 44547-ാം നമ്പർ കത്ത് പ്രകാരം സ്വാതന്ത്ര്യ സമര സേനാനി ശ്രീമതി പൊറ്റയിൽ ആമിനയ്ക്ക് (മലപ്പുറം) സ്വാതന്ത്ര്യസമരസേനാനി പെൻഷൻ നൽകുന്നതിന് ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടും പെൻഷൻ അനുവദിച്ച് കിട്ടിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെൻഷൻ അനുവദിക്കാതിരിക്കാനുള്ള കാലതാമസത്തിന് കാരണമെന്താണ് എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കുടിശ്ശിക സഹിതം ഇവർക്ക് പെൻഷൻതുക നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രീമതി പൊറ്റയിൽ ആമിനയ്ക്ക് സ്വാതന്ത്ര്യസമര പെൻഷൻ അനുവദിച്ച് കിട്ടിയിട്ടില്ല എന്ന പരാതി മലപ്പുറം ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly